ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കോഴിക്കോട് കോ-ഓർഡിനേറ്റർ അന്വേഷണം നടത്തിയിട്ടുണ്ട്. 15-10-2004-ൽ കുത്തിവയ്പ് നടത്തിയതിന് ശേഷം 20-10-2004-ൽ ഒരാടിന് ഗർഭം അലസുകയുണ്ടായി. തുടർന്ന് പല ദിവസങ്ങളിലായി 9 ആടുകൾക്ക് ഗർഭം അലസൽ ഉണ്ടായി. ഗർഭമലസൽ ഉണ്ടായത് ബ്രൂസല്ലോ സിസ് പോലെയുള്ള അണുബാധമൂലമാണെന്ന് സംശയിക്കുന്നതായി അന്വേഷണം നടത്തിയ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല. കുത്തിവയ്പ് നടന്ന് മൂന്ന് ദിവസത്തിനുള്ളിൽ ഉണ്ടായിട്ടുള്ളതും വാക്സിനേഷന്റെ പാർശ്വഫലംമൂലം സംഭവിച്ചിട്ടുള്ളതുമായ മരണങ്ങൾക്കും ഗർഭമലസലിനുമാണ് നഷ്ടപരിഹാരം നൽകുന്നത്. ഇക്കാരണത്താൽ ടിയാൾക്ക് നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ല.

കേരളത്തിലെ പാലുല്പാദനം

137 [2036] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ ആകെ ഉൽപ്പാദിപ്പിക്കുന്ന പാൽ എത്ര ;

(ബി) അതിൽ മിൽമ ശേഖരിക്കുന്ന പാൽ എത്ര ;

(സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം മിൽമയ്ക്ക് ഉണ്ടോ;

(ഡി) ഒരു ദിവസത്തെ വിതരണത്തിനാവശ്യമായ പാൽ എത്ര ;

(ഇ) ഓരോ ജില്ലയിലും പ്രതിദിനം ഉല്പാദിപ്പിക്കുന്ന പാൽ എത്ര ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ കേരളത്തിൽ 21.11 ലക്ഷം മെട്രിക് ടൺ പാൽ ഉൽപാദിപ്പിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) 2003-2004 വർഷം 2.098 ലക്ഷം മെട്രിക് ടൺ ലിറ്റർ പാൽ മിൽമ ശേഖരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 7.37 ലക്ഷം ലിറ്റർ പാൽ പ്രതിദിന വിതരണത്തിനായി മിൽമയ്ക്ക് ആവശ്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഓരോ ജില്ലയിലും പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	—	8.56	ലക്ഷം ലിറ്റർ
കൊല്ലം	—	6.48	,,
പത്തനംതിട്ട	—	4.48	,,
ആലപ്പുഴ	—	3.82	,,
കോട്ടയം	—	5.85	,,
ഇടുക്കി	—	4.47	,,
എറണാകുളം	—	7.04	,,
തൃശ്ശൂർ	—	6.48	,,
പാലക്കാട്	—	6.69	,,
മലപ്പുറം	—	4.62	,,
കോഴിക്കോട്	—	5.23	,,
വയനാട്	—	2.46	,,
കണ്ണൂർ	—	3.92	,,
കാസർഗോഡ്	—	2.17	,,

കയർ ഗവേഷണ സ്ഥാപനത്തിന് കേന്ദ്ര സഹായം

138 [2037] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ ഉദ്ഘാടനം ചെയ്ത ദേശീയ കയർ ഗവേഷണ സ്ഥാപനത്തിന് കേന്ദ്ര സർക്കാരിൽനിന്ന് ധനസഹായം ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എന്തൊക്കെ ഗവേഷണ പ്രവർത്തനങ്ങളാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജ്യത്തെ കയർ വ്യവസായത്തെക്കുറിച്ച്, പ്രത്യേകിച്ച് കേരളത്തിലെ കയർ വ്യവസായത്തെക്കുറിച്ച് പഠിക്കുക, ചകിരിനാരിന്റെയും അതിന്റെ ഉൽപ്പന്നങ്ങളെയും കുറിച്ച് ഗവേഷണം നടത്തുക, വിവരങ്ങൾ ശേഖരിച്ചു വയ്ക്കുക, കയർ വ്യവസായ രംഗത്തെ സമഗ്രമായ പുരോഗതിക്ക് വേണ്ട സാങ്കേതിക അറിവുകൾ പകർന്ന് നൽകുക, വ്യവസായ സംരംഭകർക്ക് വേണ്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, വിപണന രംഗത്തെ പുരോഗതിക്ക് വേണ്ട പഠനങ്ങൾ നടത്തുക തുടങ്ങിയവയാണ് ദേശീയ കയർ ഗവേഷണ സ്ഥാപനംകൊണ്ട് വിഭാവനം ചെയ്തിരിക്കുന്നത്. സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ചുള്ള ഒരു കുറിപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.†

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly